## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3972.

16-05-2017 ൽ മറുപടിയ്ക്ക്

## കാരക്കുളത്തുനാട്, കോട്ടാറ്റ് പാടശേഖരങ്ങളിൽ നീലക്കോഴി ആക്രമണം

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മുനിസിപ്പാലിറ്റിയിലെ കാരക്കുളത്തുനാട്, കോട്ടാറ്റ് തുടങ്ങിയ പാടശേഖരങ്ങളിൽ നീലക്കോഴി ഉൾപ്പെടെയുള്ള പക്ഷിക്കൂട്ടങ്ങളുടെ ആക്രമണം മൂലം വ്യാപകമായി നെൽകൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പക്ഷികളുടെ ആക്രമണം മൂലം നെൽകൃഷി നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നീലക്കോഴിയുടെ ആക്രമണം മൂലം നെൽകൃഷി നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ കൃഷി വകുപ്പിൽ നിലവിൽ വ്യവസ്ഥയില്ല. നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പക്ഷിക്കൂട്ടങ്ങളുടെ ആക്രമണം ഒഴിവാക്കുന്നതിനായി കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ തയ്യാറാകുമോ; | (സി) | പക്ഷിക്കൂട്ടങ്ങളുടെ ആക്രമണം മൂലം കൃഷിനാശം ഒഴിവാക്കുന്നതിനായി കർഷകർക്ക് കൃഷിവകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. കർഷകർ സാധാരണയായി അനുവർത്തിച്ചു വരുന്ന റിഫ്ലക്റ്റീവ് റിബൺ പാടത്ത് വലിച്ചുകെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | വന്യജീവി ആക്രമണ വിഭാഗത്തിൽ നീലക്കോഴി ആക്രമണത്തെ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിക്കും. വനം വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ